പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *285

22.02.2016-ൽ മറുപടിക്ക്

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ് തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ. എം. ഹംസ<br>ശ്രീമതി. കെ.കെ. ലതിക | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് തുക ട്രഷറിയിൽ നിന്ന് ബില്ല് മുഖേന മാറണമെന്നത് പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | എ) പദ്ധതി ചെലവ് തുക ട്രഷറിയിൽ നിന്ന് ബില്ല് മുഖേന മാറുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല. |
| ബി) വീട് നിർമ്മാണം ഉൾപ്പെടെയുള്ള ക്ഷേമഫണ്ടുകളുടെ തുക ട്രഷറി നിയന്ത്രണം മൂലം മാറാൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ; | ബി) ഇല്ല. |
| സി) സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; | സി) മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ജീവനക്കാർക്ക് കില വഴി പരിശീലനം നൽകുകയും സാംഖ്യ സോഫ്റ്റ് വെയറിന്റെ ഉപയോഗരീതി വിവരിച്ചിട്ടുള്ള കൈപുസ്തകം നൽകുകയും ചെയ്തിട്ടുണ്ട്. |
| ഡി)സാമ്പത്തിക വർഷം അവസാനിക്കാറായത് കണക്കിലെടുത്ത് ഇത്തരം പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണാൻ തയ്യാറാകുമോ? | ഡി) ബാധകമല്ല. |

Liji

**സെക്ഷൻ ഓഫീസർ**